## ഫാറം- VII

## 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 8(2) കാണുക]

കോട്ടയം മുനിസിപ്പൽ കൗൺസിൽ

## 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9-ാം ആക്റ്റ്) 46-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം നാഗമ്പടം പ്രദേശത്തിനുവേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യതിയാനം പ്രസിദ്ധീകരിക്കുന്നതിനുള്ള നോട്ടീസ്

കോട്ടയം മുനിസിപ്പൽ കൗൺസിൽ താഴെ പറയുന്ന വിശദാംശങ്ങളോട് കൂടിയ ആസൂത്രണ പ്രദേശത്തെ വിശദ നഗരാസൂത്രണ പദ്ധതി കോട്ടയം മുനിസിപ്പൽ കൗൺസിൽ ഔദ്യോഗിക വെബ് സൈറ്റായ **www.kottayammunicipality.lsgkerala.gov.in** -ലും, തദ്ദേശസ്വയംഭരണവകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ **www.lsgkerala.gov.in** -ലും 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016-ലെ 9) 46-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിരിക്കുന്നു.

(എ.) അതിരുകൾ:

| | | |
|---|---|---|
| വടക്ക് | : | M C റോഡും അതിനോടു ചേർന്ന് വടക്കുവശത്തുള്ള പ്ലോട്ടുകൾ, ഗുഡ്സ്ഷെഡ് റോഡും അതിനോടു ചേർന്ന് വടക്കുവശത്തുള്ള പ്ലോട്ടുകൾ, റയിൽവേ വക സ്ഥലം. |
| കിഴക്ക് | : | റയിൽവേ പ്രോപ്പർട്ടി റയിൽവേസ്റ്റേഷൻ റോഡും അതിനോടു ചേർന്ന് കിഴക്കു വശത്തുള്ള പ്ലോട്ടുകൾ |
| തെക്ക് | : | ശീമാട്ടി റൗണ്ടാനാ ജംഗ്ഷൻ, ചെല്ലിഒഴുക്കൻ റോഡ്, ശാസ്ത്രി റോഡിന്റെതെക്കു വശത്തുള്ള പ്ലോട്ടുകൾ. |
| പടിഞ്ഞാറ് | : | M C റോഡും, കുമരകം റോഡും. |

(ബി.) റവന്യൂ സർവ്വെ അല്ലെങ്കിൽ റീ സർവ്വെ നമ്പരുകൾ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും/ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേര്

മുട്ടമ്പലം (പഴയ വിജയപുരം) വില്ലേജിൽപ്പെട്ട 18, 19, 20, 27, 28, 30, 45, 46, 47, 48, 49, 50, 55, 64, 65 എന്നീ സർവ്വേ നമ്പരുകൾ പൂർണ്ണമായോ ഭാഗികമായോ സ്കീം ഏരിയയിൽ ഉൾപ്പെടുന്നു.

ഓഫീസ് പ്രവൃത്തി സമയത്ത് പൊതുജനങ്ങളുടെ പരിശോധനയ്ക്കായി വിശദ നഗരാസൂത്രണ പദ്ധതിയുടെ ഒരു കരട് കോട്ടയം മുനിസിപ്പൽ കൗൺസിൽ ഓഫീസിലും സൂക്ഷിച്ചിട്ടുണ്ട്.

ഔദ്യോഗിക ഗസറ്റിൽ നോട്ടീസ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ താല്പര്യമുള്ള ആർക്കും വിശദ നഗരാസൂത്രണ പദ്ധതിയെ സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കോട്ടയം മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കാവുന്നതാണ്.

കേരള നഗര-ഗ്രാമാസൂത്രണ ആക്ട്-2016-ന്റെ (2016-ലെ 9) 61-ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി ചെയർപേഴ്സൺ

സ്ഥലം: കോട്ടയം

തീയതി: .........